**കേരള സർക്കാർ**

**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 11 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ഓണത്തിന് ഒരു മുറം പച്ചക്കറി ചലഞ്ചായി ഏറ്റെടുക്കുക: മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ

കേരളത്തിന്റെ സംസ്ക്കാരം കാർഷിക സംസ്കരണമാണെന്ന് തിരിച്ചറിയാനുള്ള മനസ്സാണ് എല്ലാവർക്കും വേതെന്നും ഓണത്തിന് ഒരു മുറം പച്ചക്കറി എന്നത് ഒരു ചലഞ്ചായി ഏറ്റെടുത്ത് വിജയിപ്പിക്കാൻ കേരളീയ സമൂഹം മുന്നോട്ട് വരണമെന്നും കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ പറഞ്ഞു. തൃശൂർ സെന്റ് മേരീസ് കോളേജിൽ മരിയൻ സെന്റർ ഫോർ അഡ്വാൻസ് റിസർച്ച് കുപിടിച്ച സൂക്ഷ്മജൈവവളം എസ്എംസിഎസ്പികെ 18 പുറത്തിറക്കി സംസാരിക്കുകയായിരുന്നു മന്ത്രി. മരിയൻ നേഴ്സറിയും മന്ത്രി വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. എസ്എംസിഎസ്പികെ 18 വ്യാവസായിക അടിസ്ഥാനത്തിൽ പുറത്തിറക്കുന്നതിനുള്ള സഹായം കൃഷി വകുപ്പ് നൽകുമെന്നും അദ്ദേഹം പറഞ്ഞു. ഭക്ഷണം സുരക്ഷിതമല്ലാത്ത ഭക്ഷ്യസുരക്ഷ അപകടകരമാണെന്ന തിരിച്ചറിഞ്ഞ് രാസവള, കീടനാശിനി പ്രയോഗകൃഷി രീതികൾ ഉപയോഗിക്കാൻ സമൂഹത്തിന് പ്രേരണയായത്. കാൽപനികമായി ചെയ്യാവുന്ന ഒന്നല്ല ജൈവകൃഷിയെന്നും അതിന് ശാസ്ത്രീയ അടിത്തറ വേണമെന്നും അദ്ദേഹം പറഞ്ഞു. കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ മാഗീ ജോസ് അധ്യക്ഷത വഹിച്ചു. സൂക്ഷ്മജൈവവളം സിസ്റ്റർ രേഖ ഏറ്റുവാങ്ങി. സെൻട്രൽ എക്സൈസ് അസി. കമ്മീഷണർ ജോസ് ചുങ്കപ്പാറ, കൗൺസിലർ കെ മഹേഷ്, എംസിഎആർ അസോസിയേറ്റ് ഡയറക്ടർ ഡോ. കായീൻ വടക്കൻ എന്നിവർ പങ്കെടുത്തു. കോളേജ് വൈസ് പ്രിൻസിപ്പൽ സിസ്റ്റർ കെ മീന ചെറുവത്തൂർ സ്വാഗതവും ഉന്നത് ഭാരത് അഭിയാൻ കോർഡിനേറ്റർ ഡോ. കെ ബിനു നന്ദിയും പറഞ്ഞു.

## ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകി

അലിംകോ ഭിന്നശേഷിക്കാർക്കുള്ള ഭാരത സർക്കാരിന്റെ എ.ഡി.ഐ.പി സ്കീം പ്രകാരമുള്ള സഹായ ഉപകരണ വിതരണ ഉദ്ഘാടനം രാമവർമ്മപുരം സർക്കാർ വൃദ്ധസദനത്തിൽ ജില്ലാ കളക്ടർ എസ്.ഷാനവാസ് നിർവഹിച്ചു. റവന്യൂ ഡിവിഷണൽ ഓഫീസർ പി.എ.വിഭൂഷണൻ മുഖ്യാതിഥിയായി. കോർപ്പറേഷൻ കൗൺസിലർ എ പ്രസാദ്, ജില്ലാ സാമൂഹ്യനീതി ഓഫീസറും സർക്കാർ വൃദ്ധസദനം സൂപ്രുമായ കെ ജി വിൻസെന്റ്, ജില്ലാ സാമൂഹ്യനീതി ഓഫീസ് സീനിയർ സൂപ്ര് കെ ആർ പ്രദീപൻ എന്നിവർ പങ്കെടുത്തു. മുച്ചക്ര സൈക്കിളുകൾ, എം.എസ്.ഐ. ഇ. ഡി കിറ്റുകൾ, വീൽ ചെയറുകൾ, വോക്കിങ് സ്റ്റിക്കുകൾ എന്നിവ വിതരണം ചെയ്തു.

# ഐടിഐ കൗൺസിലിംഗ് 15 ന്

ഐ ടി ഐ മണലൂരിൽ അഡ്മിഷൻ കൗൺസിലിംഗ് ജൂലൈ 15 ന് നടക്കും. രജിസ്ട്രേഷൻ സമയം രാവിലെ 8 മുതൽ 10 വരെ. എല്ലാ അസ്സൽ സർട്ടിഫിക്കളുടെ അസ്സലും പകർപ്പും സഹിതം എത്തണം. ഓപ്പൺ കാറ്റഗറി, ഈഴവ, മുസ്ലീം, എസ്സി, ഒബിഎച്ച് എന്നിവർക്ക് ഇൻഡക്സ് മാർക്ക് 220 വരെയും എൽസിക്ക് 150 വരെയും ടിഎച്ച്എസിന് 200 വരെയും സ്കൗട്ട് ആൻഡ് ഗൈഡ്സിന് 210 വരെയുള്ളവർക്കും ഫീമെയിൽ, ജവാൻ, ഓർഫൻ, പിഎച്ച്, ജുവൈനൽ, ആംഗ്ലോ-ഇന്ത്യൻ, എസ് ടി എന്നീ വിഭാഗങ്ങളിലെ മുഴുവൻ അപേക്ഷകർക്കും കൗൺസിലിങ്ങിന് എത്തണം. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.itimanaloor.kerala.gov.in . ഫോൺ 0487-2620066.